26-3-2015-ന് പ്രസിദ്ധീകരിക്കുകയും 17-4-2015-ന് തുറക്കുകയും ചെയ്തെങ്കിലും പ്രവൃത്തി ഒരു കരാറുകാരനും ഏറ്റെടുക്കാൻ തയ്യാറാവാത്തതിനാലും CPWD cost index പുതുക്കിയതിനാലും പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതുക്കി സമർപ്പിക്കുന്നതിനായി സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽനിന്നും കറ്റ്യാടി പ്രോജക്ട് ഡിവിഷനിലേയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റ് എത്രയും പെട്ടെന്ന് പുതുക്കി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനുള്ള പ്രവർത്തികൾ പുരോഗമിക്കുന്നു.

ഓടൻചിറ റഗുലേറ്റർ കം ബ്രിഡ്ജ്

162 (3596) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുക്കാട് മണ്ഡലത്തിലെ ഓടൻച്ചിറ റഗുലേറ്റർ കം ബ്രിഡ്ജിന്റെ അപ്സ്ട്രീമിൽ കളിമണ്ണ് നിറഞ്ഞ് സ്റ്റോറേജ് കപ്പാസിറ്റി കുറഞ്ഞിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ, ഇത് നീക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) റഗുലേറ്റർ സ്ഥിതിചെയ്യുന്ന പഞ്ചായത്ത് മുഖേന മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

എടവനക്കാട്, നായരമ്പലം എന്നിവിടങ്ങളിൽ പുലിമുട്ടുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി

163 (3597) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതിരൂക്ഷമായ കടലാക്രമണം നേരിടുന്ന എടവനക്കാട്, നായരമ്പലം എന്നിവിടങ്ങളിൽ പുലിമുട്ടുകൾ സ്ഥാപിക്കണമെന്ന് ചെന്നൈ ഐ.ഐ.ടി.-യിലെ വിദഗ്ധർ സർക്കാരിനോട് ശിപാർശ ചെയ്തിരുന്നുവോയെന്ന് വ്യക്തമാക്കാമോ ; ശിപാർശപ്രകാരം നായരമ്പലം, എടവനക്കാട് എന്നിവിടങ്ങളിൽ എത്ര പുലിമുട്ടുകളാണ് നിർദ്ദേശിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം പുലിമുട്ടുകളിൽ എത്ര എണ്ണം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly